## വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: അനുപമ റ്റി.വി. IAS)

വിഷയം: വനിത ശിശു വികസന വകുപ്പ് – സ്ത്രീകൾക്ക് സംരക്ഷണവും പുനരധിവാസവും നൽകുന്ന സ്വന്തം സോഷ്യൽ സർവ്വീസ് സൊസൈറ്റിയ്ക്ക് 2019-20 സാമ്പത്തിക വർഷത്തെ ഒറ്റത്തവണ ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ (സാധാ) 400/2020/സാനീവ തീയതി: 18.08.2020
2. വനിത ശിശുവികസന ഡയറക്ടറും സ്വന്തം സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രസിഡന്റും 26-08-2020 തീയതിയിൽ ഒപ്പ് വച്ച MOU

### ഉത്തരവ് നം. WEC2-5655/20 തീയതി: 14-09-2020

എറണാകുളം ജില്ലയിലെ 30 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ള ലൈംഗിക തൊഴിലാളികൾ, ലൈംഗിക ചൂഷണത്തിന് വിധേയരായവർ, എച്ച്.ഐ.വി. ബാധിതരായ സ്ത്രീകൾ അവരുടെ 5 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ എന്നിവരുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുമായി സ്വന്തം സോഷ്യൽ സർവ്വീസ് സൊസൈറ്റി നടത്തി വരുന്ന പ്രവർത്തനങ്ങൾക്കുള്ള ധനസഹായമായി 2019-20 സാമ്പത്തിക വർഷത്തിൽ 7,50,281/- രൂപ അനുവദിക്കുന്നതിനുള്ള ഭരണാനുമതി പരാമർശം (1) പ്രകാരം ലഭിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പ്രസ്തുത ഭരണാനുമതിയുടേയും ഇരു കക്ഷികളും ചേർന്ന് ഒപ്പ് വച്ച കരാറിന്റെയും അടിസ്ഥാനത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ സ്വന്തം സോഷ്യൽ സർവ്വീസ് സൊസൈറ്റിയ്ക്ക് മാറി നൽകുന്നതിനായി ഒറ്റത്തവണ ഗഡുവായി 7,50,281/- രൂപ എറണാകുളം ജില്ലാ വനിതാ ശിശുവികസന ഓഫീസർക്ക് ഇതിനാൽ അനുവദിച്ച് ഉത്തരവാകുന്നു. ടി തുക സ്വന്തം സോഷ്യൽ സർവ്വീസ് സൊസൈറ്റിയ്ക്ക് SBIയുടെ പാലാരിവട്ടം ബ്രാഞ്ചിലുള്ള 67087375325 എന്ന അക്കൗണ്ട് നമ്പരിലേക്ക് (IFSC-SBIN0070403) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകേണ്ടതാണ്.

ഇതിലേക്കാവശ്യമായി വരുന്ന തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-03(P) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. ടി തുകയുടെ വിനിയോഗം സംബന്ധിച്ച മേൽനോട്ട ചുമതല എറണാകുളം ജില്ലാ വനിതാ ശിശുവികസന ഓഫീസർ വഹിക്കേണ്ടതാണ്.

SK/20

ടി തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം, ചെലവ് വിവരപ്പട്ടിക, അന്തിമ റിപ്പോർട്ട് എന്നിവ സ്വന്തം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്നും വാങ്ങി വേണ്ട പരിശോധന നടത്തി സൂക്ഷിക്കേണ്ടതും ആയതിന്റെ പകർപ്പ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

**ഒപ്പ്**
**വനിത ശിശു വികസന ഡയറക്ടർ**

പ്രസിഡന്റ്
സ്വന്തം സോഷ്യൽ സർവ്വീസ് സൊസൈറ്റി
എറണാകുളം

**പകർപ്പ്:**

1. സൂപ്രണ്ട്, എ സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിനായി)
2. ജില്ലാ വനിതാ ശിശുവികസന ഓഫീസർ, എറണാകുളം
3. സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്

SK/20